# കേരളസർവകലാശാല

*Re-accredited by NAAC with A++ GRADE*

**നം. പി.ആർ. 135/2025** **തിരുവനന്തപുരം, തീയതി: 21.06.2025**

# പത്രക്കുറിപ്പ്

## FYUGP പ്രവേശന റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

കേരളസർവകലാശാലയിലെ വിവിധ പഠന വകുപ്പുകളിൽ നാലു വർഷ ബിരുദ പ്രോഗ്രാമുകളിലേക്കുള്ള പുതുക്കിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ആദ്യഘട്ട അഡ്മിഷൻ 2025 ജൂൺ 25 ന് കാര്യവട്ടം യൂണിവേഴ്സിറ്റി ക്യാമ്പസ്സിൽ വച്ച് നടക്കും. റാങ്ക് ലിസ്റ്റ് വെബ്സൈറ്റിൽ ലഭ്യമാണ്. അർഹതപ്പെട്ടവർ അഡ്മിഷൻ പോർട്ടലിൽ നിന്നും അഡ്മിഷൻ മെമ്മോ ഡൗൺലോഡ് ചെയ്ത് ഹാജരാക്കേണ്ടതാണ്. വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക Email: cssfyugphelp2025@gmail.com, Phone: 0471 2308328, Mobile: 9188524612.

## ഒന്നാം വർഷ ബിരുദാനന്തര ബിരുദ പ്രവേശനം 2025-26 അപേക്ഷ സമർപ്പിക്കുവാനുള്ള അവസാന തീയതി 30.06.2025 വരെ ദീർഘിപ്പിച്ചിരിക്കുന്നു.

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/സ്വാശ്രയ/യു.ഐ.ടി. കോളേജുകളിലെ 2025-26 അധ്യയന വർഷ ത്തിലേക്കുള്ള ബിരുദാനന്തര ബിരുദ പ്രോഗ്രാമുകളിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2025 ജൂൺ 30 വരെ ദീർഘിപ്പിച്ചിരിക്കുന്നു. പുതുക്കിയ ഷെഡ്യൂൾ ഉടനെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. അലോട്ട്മെന്റ് സംബന്ധമായ മറ്റ് വിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ് സന്ദർശിക്കുക (https://admissions.keralauniversity.ac.in). സംശയനിവാരണത്തിനായി 8281883052 എന്ന മൊബൈൽ നമ്പറിൽ ബന്ധപ്പെടുക.

## ഒന്നാം വർഷ ബി.എഡ് പ്രവേശനം – 2025 അപേക്ഷ സമർപ്പിക്കുവാനുള്ള അവസാന തീയതി 01.07.2025 വരെ ദീർഘിപ്പിച്ചിരിക്കുന്നു

കേരളസർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/സ്വാശ്രയ/കെ.യു.സി.ടി.ഇ കോളേജുകളിലെ 2025-26 അധ്യയന വർഷത്തിലേക്കുള്ള ബിഎഡ് പ്രോഗ്രാമുകളിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ജൂലൈ 1 വരെ ദീർഘിപ്പിച്ചിരിക്കുന്നു. നിലവിൽ ബിരുദാനന്തര ബിരുദ കോഴ്സുകളിൽ അവസാന വർഷം പഠിക്കുന്ന വിദ്യാർത്ഥികൾക്ക് ബിഎഡ് കോഴ്സുകളിലേക്ക് അപേക്ഷിക്കാൻ അവസരം ഉണ്ടായിരിക്കുന്നതാണ്. കെ.യു.സി.ടി.ഇ മാനേജ്മെന്റ് ക്വാട്ടയിലേക്ക് ഇപ്പോൾ ഓൺലൈൻ മുഖേന (https://admissions.keralauniversity.ac.in/bed2025) അപേക്ഷ നൽകാവുന്നതാണ്. പുതുക്കിയ ഷെഡ്യൂൾ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണ്. അലോട്ട്മെന്റ് സംബന്ധമായ മറ്റ് വിവരങ്ങൾക്ക് അഡ്മിഷൻ വെബ്സൈറ്റ്

(https://admissions.keralauniversity.ac.in/bed2025) സന്ദർശിക്കുക. സംശയനിവാരണത്തിനായി 8281883053 എന്ന മൊബൈൽ നമ്പറിൽ ബന്ധപ്പെടുക.

## Late ശ്രീ എ തങ്ങൾ കുഞ്ഞു മുസലിയാർ എൻഡോവ്മെന്റ് അവാർഡ് 2024 - അപേക്ഷ ക്ഷണിച്ചു

2024 വർഷത്തിലെ Late ശ്രീ എ തങ്ങൾ കുഞ്ഞു മുസലിയാർ എൻഡോവ്മെന്റ് അവാർഡിനുള്ള അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകന് വേണ്ട യോഗ്യതയും മറ്റ് മാനദണ്ഡങ്ങളും സർവകലാശാല വെബ്സൈറ്റിലുള്ള വിജ്ഞാപനത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. യോഗ്യരായവർ 2025 ജൂലൈ 21 ന് മുൻപായി അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in).

## കേരളസർവകലാശാല ഗസ്റ്റ് അധ്യാപക പാനൽ തയ്യാറാക്കുന്നതിനായി അപേക്ഷ ക്ഷണിക്കുന്നു

കേരളസർവകലാശാലയിലെ നാല് വർഷ ബിരുദ പ്രോഗ്രാമിൽ ജേർണലിസം കോഴ്സിലേക്ക് ഗസ്റ്റ് അധ്യാപക പാനൽ തയ്യാറാക്കുന്നതിനായി അപേക്ഷ ക്ഷണിക്കുന്നു. നിയമനം യു.ജി.സി മാനദണ്ഡങ്ങൾ പ്രകാരമായിരിക്കും. താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ ബയോഡാറ്റയും സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പുകളും സഹിതം 2025 ജൂലൈ 4 ന് മുൻപായി "ദി ഹെഡ്, ഡിപ്പാർട്ട്മെന്റ് ഓഫ് കമ്മ്യൂണിക്കേഷൻ ആന്റ് ജേർണലിസം, യൂണിവേഴ്സിറ്റി ഓഫ് കേരള, കാര്യവട്ടം പി.ഒ., പിൻ - 695 581 എന്ന വിലാസത്തിൽ അപേക്ഷിക്കണം. അപേക്ഷകളുടെ സൂക്ഷ്മ പരിശോധനക്ക് ശേഷം ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ടവർ അസ്സൽ സർട്ടിഫിക്കറ്റുകൾ സഹിതം ഇന്റർവ്യൂവിനു ഹാജരാകണം. ഷോർട്ട് ലിസ്റ്റിൽ ഉൾപ്പെട്ടവരെ ഇന്റർവ്യൂ തീയതി ഇമെയിൽ മുഖാന്തിരം അറിയിക്കുന്നതാണ്.

## പരീക്ഷാഫലം

കേരളസർവകലാശാല 2025 ഏപ്രിലിൽ നടത്തിയ പത്താം സെമസ്റ്റർ പഞ്ചവത്സര ഇന്റഗ്രേറ്റഡ് ബിഎ/ബികോം/ബിബിഎ എൽഎൽബി ബിരുദ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കും പുനർമൂല്യനിർണ്ണയത്തിനും ഓൺലൈനായി 2025 ജൂൺ 30 വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

(**www.keralauniversity.ac.in**).

കേരളസർവകലാശാല 2024 ജൂലൈയിൽ നടത്തിയ നാലാം സെമസ്റ്റർ എംഎ അറബിക് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ, എംഎ ഇക്കണോമിക്സ് (മേഴ്സിചാൻസ്) എന്നീ പരീക്ഷകളുടെ ഫലം പ്രസിദ്ധീകരിച്ചു. സൂക്ഷ്മപരിശോധനയ്ക്കുള്ള അപേക്ഷകൾ 2025 ജൂലൈ 1 വരെ **www.exams.keralauniversity.ac.in** മുഖേന ഓൺലൈനായി സമർപ്പിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പരീക്ഷാവിജ്ഞാപനം

കേരളസർവകലാശാലയുടെ നാലാം സെമസ്റ്റർ ബിടെക് (2008 സ്കീം - മേഴ്സിചാൻസ് – 2008 – 2012 അഡ്മിഷൻ) പാർട്ട് ടൈം വിദ്യാർത്ഥികൾ ഉൾപ്പെടെ & 2003 സ്കീം ട്രാൻസിറ്ററി വിദ്യാർത്ഥികൾ) ജൂൺ 2025 പരീക്ഷാവിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

# വൈവവോസി

കേരളസർവകലാശാല 2025 എപ്രിലിൽ നടത്തിയ പാർട്ട് III ബിഎ ഇംഗ്ലീഷ് ലാംഗ്വേജ് ആന്റ് ലിറ്ററേച്ചർ (ആന്വൽ സ്കീം) പരീക്ഷയുടെ വൈവവോസി 2025 ജൂൺ 27 ന് നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (**www.keralauniversity.ac.in**).

പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ - ചാർജ്ജ്)


**E-mail:** For queries **helpdesk@keralauniversity.ac.in**/
**website:** **www.keralauniversity.ac.in**

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**